# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 03, Issue: 11

സെപ്തംബർ 12 ചൊവ്വ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## രണ്ട് തൂണുകളും തകർന്ന് പുഴക്കര പാലം

# തൂണില്ലാത്ത തുണ

- ആറളം, അയ്യൻകുന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം
- കരിക്കോട്ടക്കരി, കീഴ്പ്പള്ളി നിവാസികളുടെ ആശ്രയമായിരുന്നു
- ദുരിതത്തിലായി പ്രദേശത്തെ നൂറുകണക്കിന് കുടുംബങ്ങൾ
- അടിയന്തരമായി പുതിയ പാലം നിർമിക്കണമെന്ന് നാട്ടുകാർ



*നാല് തൂണുകളിൽ രണ്ടെണ്ണവും തകർന്ന കരിക്കോട്ടക്കരി പുഴക്കര പാലം*

**അഞ്ജന വിൻസന്റ്**

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ കരിക്കോട്ടക്കരി പുഴക്കര പാലത്തിന്റെ തൂണുകൾ തകർന്നിട്ട് നാല് വർഷം. പുതിയ പാലം നിർമിക്കുന്നതിനോ അപകടാവസ്ഥയിലായ പാലം ബലപ്പെടുത്തുന്നതിനോ നടപടിയില്ലെന്ന പരാതിയുമായി നാട്ടുകാർ.

ആറളം, അയ്യൻകുന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പ്രദേശത്തെ നൂറു കണക്കിന് കുടുംബങ്ങൾ ആശ്രയിക്കുന്നതുമായ പാലമാണിത്.

നാല് തൂണുകളിൽ നിന്നിരുന്ന പാലം രണ്ട് തൂണുകളിലാണ് ഇപ്പോൾ നിൽക്കുന്നത്. ഇരുകരയിലും പാലം അപകട ഭീഷണിയിലാണെന്ന വലിയ ബോർഡുകൾ ആദ്യകാലത്ത് സ്ഥാപിച്ചിരുന്നെങ്കിലും ഇപ്പോളില്ല.

ഈ പാലം വളയങ്കോടുനിന്ന് കരിക്കോട്ടക്കരിയിലേക്കുള്ള എളുപ്പമാർഗമായതിനാൽ സൂചനാ ബോർഡുകൾ ഇല്ലാത്തതിനാലും പാലത്തിലൂടെ നിജസ്ഥിതി മനസിലാക്കാതെ ചരക്ക് വാഹനങ്ങളടക്കം നിരവധി വാഹനങ്ങൾ ദിനംപ്രതി കടന്നുപോകുന്നുണ്ട്. ഇത് അപകട സാധ്യത ഇരട്ടിയാക്കുന്നു.

രണ്ട് കിലോമീറ്ററോളം വരുന്ന റോഡിന്റെ ഇരുവശങ്ങളിലുമായി നൂറു കണക്കിന് വീടുകളുണ്ട്. പുഴക്കര പാലത്തിലൂടെയാണ് നാട്ടുകാർ കരിക്കോട്ടക്കരി, കീഴ്പ്പള്ളി ടൗണുകളുമായി ബന്ധപ്പെടുന്നത്. ഏതു നിമിഷവും തകർന്നു വീഴാനുള്ള സാധ്യതയുള്ള പാലം തകർന്നാൽ വാഹനങ്ങൾ കിലോമീറ്ററുകളോളം ചുറ്റി എടൂർ വെമ്പുഴപാലം വഴിയോ, കരിക്കോട്ടക്കരി പോലീസ് സ്റ്റേഷന് സമീപത്തെ പത്താഴപ്പുഴ പാലം വഴിയോ വേണം ടൗണുകളുമായി ബന്ധപ്പെടാൻ.

നാല് വർഷം മുൻപ് കനത്ത മഴയിലാണ് പാലത്തിന്റെ കരയോടുചേർന്ന ഭാഗത്തെ തൂണ് ആദ്യം നിലംപൊത്തിയത്. 2021 ൽ മറ്റൊരു തൂണുംകൂടി തകർന്നതോടെ കരിക്കോട്ടക്കരി ഭാഗത്തുള്ള പുഴയിലെ രണ്ട് തൂണുകളിലാണ് പാലം ഇപ്പോൾ നിൽക്കുന്നത്.

പാലത്തിന് താത്കാലിക പ്രവൃത്തി നടത്തുന്നതിനുള്ള ശ്രമം പോലും അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എം.എൽ.എ. ഫണ്ടോ മറ്റ് ഫണ്ടുകളോ ഉപയോഗപ്പെടുത്തി പുതിയ പാലം നിർമിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



ഏലിയാമ്മ മനപ്പാട്ട്
(പ്രദേശവാസി)

ലോഡ് വണ്ടികൾ ദിനംപ്രതി കടന്നുപോകുന്നുണ്ട്. ഏതു നിമിഷവും തകരാവുന്ന നിലയിലാണ് പാലം ഉള്ളത്. പാലം പൂർണമായും നഷ്ടപ്പെട്ടാൽ ഞങ്ങൾ ഏറെ ദുരിതത്തിൽ ആകും. പാലത്തിന് താത്ക്കാലിക പ്രവൃത്തി നടത്തുന്നതിനുള്ള ശ്രമംപോലും അധികൃതരുടെ ഭാഗത്തു നിന്നും ഇതുവരെ ഉണ്ടായിട്ടില്ല. ആറളം, അയ്യൻകുന്ന് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലം ആയതുകൊണ്ടാണ് പണിനീളുന്നത് എന്നാണ് എനിക്ക് തോന്നുന്നത്.



സജി വലിയപറമ്പിൽ
(പ്രദേശവാസി)

രണ്ടു പഞ്ചായത്തുകളും അപകടസൂചന ബോർഡുകൾ വച്ചതല്ലാതെ പാലം നന്നാക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പാലം എപ്പോൾ വേണമെങ്കിലും തകരും. തൂണുകൾ തകർന്ന ആദ്യ നാളുകളിൽ നാട്ടുകാർ ചേർന്ന് ചരക്കുവാഹനങ്ങൾ തടഞ്ഞിരുന്നു. എന്നാൽ ഇപ്പോഴും വണ്ടികൾ ദിനംപ്രതി കടന്നു പോകുന്നുണ്ട്. എംഎൽഎ ഫണ്ടോ മറ്റു ഫണ്ടുകളോ ഉൾപ്പെടുത്തി പുതിയ പാലം നിർമിക്കണമെന്നാണ് ഞങ്ങളുടെ ആവശ്യം.



സന്തോഷ് മഞ്ഞപ്പള്ളിൽ
(പ്രദേശവാസി)

നാലുവർഷം മുന്നേ തകർന്ന പാലമാണിത്. രണ്ടു തൂണുകളും ദ്രവിച്ചു വീണു. പാലം നഷ്ടപ്പെട്ടാൽ കിലോമീറ്ററുകളോളം ചുറ്റി വെമ്പുഴപാലം വഴിയോ കരിക്കോട്ടക്കരി പോലീസ് സ്റ്റേഷൻ സമീപത്തെ പത്താഴപ്പുഴ പാലം വഴിയോ വേണം ടൗണിൽ എത്തിച്ചേരാൻ. പഞ്ചായത്ത് ഇടപ്പെട്ട് ഒരു പുതിയ പാലമോ, അല്ലെങ്കിൽ പേടി കൂടാതെ സഞ്ചരിക്കാനാകുന്ന വിധത്തിൽ പാലം പുതുക്കി പണിയുകയോ ചെയ്യണം.

# മണിപ്പൂരിലെ കലാപഭൂമിയിൽ നിന്ന് കലാലയത്തിലേക്ക്...

**പ്രിൻസ് ജോസഫ്**



*ഡോൺ ബോസ്കോ കോളേജിൽ പഠനം ആരംഭിച്ച റെജീന കിംനൈലം ബൈയ്തെ, മേഴ്സി സിംഗൈമോയ്, എസ്തേർ നെയ്ജഹോയ*

നിലക്കാത്ത കലാപങ്ങളാൽ കലുഷിതമായ മണിപ്പൂരിന്റെ മണ്ണിൽ പൊലിഞ്ഞ സ്വപ്നങ്ങൾക്ക് ഡോൺ ബോസ്കോയിൽ ചിറകുകൾ വിരിയുന്നു. കലാപം കെട്ടടങ്ങാത്ത ഗ്രാമങ്ങളിൽ നിന്നും യുവത്വത്തെ വിദ്യാഭ്യാസത്തിലൂടെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ ഡോൺ ബോസ്കോ സഭാസമൂഹത്തിന്റെ നേതൃത്വത്തിൽ കുക്കി വിഭാഗത്തിപ്പെട്ട മൂന്ന് വിദ്യാർത്ഥിനികൾക്ക് ബിരുദപഠനത്തിന് സൗകര്യം ഒരുക്കി ഡോൺ ബോസ്കോ കോളേജ് അങ്ങാടികടവ്. മണിപ്പൂർ ചാന്ദിയാൽ ജില്ലയിലെ റെജീന കിംനൈലം ബൈയ്തെ (20) മേഴ്സി സിംഗൈമോയ് കോംഗ്സായി (20) കാങ്പോക്പി ജില്ലയിലെ എസ്തേർ നെയ്ജഹോയ് (20) എന്നിവർക്കാണ് കോളേജിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദ പഠനത്തിന് അവസരം ലഭിച്ചത്.

മെയ് മൂന്നാം തീയതി മുതൽ മെയ്തെയ്, കുക്കി വിഭാഗക്കാർക്കിടയിൽ തുടങ്ങിയ വർഗീയ കലാപത്തെത്തുടർന്ന് മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം അഭയാർത്ഥി ക്യാംപുകളിൽ കഴിയുകയായിരുന്ന ഇവർ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ട അവസ്ഥയിൽ ആയിരുന്നു. എന്നാൽ ഡോൺ ബോസ്കോ ബാംഗ്ലൂർ പ്രൊവിൻസ് അംഗം ഫാ. ടി.സി ജോർജിന്റെ സഹായത്തോടെ ഗുവാഹട്ടി എയർപോർട്ടിൽ നിന്നും വിമാനമാർഗം ബാംഗളൂരിൽ എത്തിയ ഇവർ ചൊവ്വാഴ്ചയോടെ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ എത്തിച്ചേരുകയും ചെയ്തു.

കർണാടകയിലെ ചിത്രദുർഗ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ ഡോൺ ബോസ്കോ കോളേജുകളിലും ഇരുപത്തിയഞ്ചോളം വിദ്യാർത്ഥികൾക്ക് സൗജന്യ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്.

'കോളേജിലെത്തിയ ആദ്യദിനങ്ങളിൽ വിദ്യാർത്ഥികളിൽ ആശങ്ക ഉണ്ടായിരുന്നെങ്കിലും പെട്ടെന്ന് തന്നെ മറ്റ് വിദ്യാർത്ഥികളുമായി സൗഹൃദയത്തിൽ ആകുകയും, കോളേജിലെ പ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്തിട്ടുണ്ട്.' കോളേജ് മാനേജർ ഫാ. ബാസ്റ്റിൻ നെല്ലിശ്ശേരി പറഞ്ഞു.

'സ്വന്തം ഗ്രാമത്തിലേക്ക് തിരികെ പോകാനും പഠനം പുനരാരംഭിക്കാനും സാധിക്കുമോയെന്നു പോലും അറിയാതെ മണിപ്പൂരിലെ വിവിധ ക്യാമ്പുകളിൽ ഞങ്ങളെപ്പോലെ പതിനായിരത്തോളം വിദ്യാർത്ഥികളാണ് പഠനം മുടങ്ങി കഴിയുന്നത്. ഈ അവസ്ഥയിൽ ഞങ്ങൾക്ക് പഠനം തുടരാൻ സഹായിച്ചതിന് ഡോൺ ബോസ്കോ സഭാ സമൂഹത്തോട് നന്ദിയുണ്ട്. നാട്ടിലെ കലാപം അവസാനിക്കാനും, സമാധാനം പുലരാനുംവേണ്ടി ആഗ്രഹിക്കുന്നു.' റെജീന കിംനൈലം ബൈയ്തെ പറഞ്ഞു.


**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ: 9496698531**

## എഡിറ്റോറിയൽ

### *നല്ലൊരു ജീവിതം ജീവിക്കാം, ജീവിക്കാൻ പ്രേരിപ്പിക്കാം*

2014 ൽ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി നടത്തിയ പഠനം അനുസരിച്ച് കേരളം ഒരു രാജ്യമായിരുന്നെങ്കിൽ ലോകത്തേറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന രാജ്യങ്ങളിൽ ഒന്നാകുമായിരുന്നു. എന്തുകൊണ്ടാണ് കേരളത്തിൽ ആത്മഹത്യ നിരക്ക് ദിനംപ്രതി വർദ്ധിക്കുന്നത്? ഒരു വ്യകതി സ്വയം ജീവനൊടുക്കാൻ തീരുമാനിക്കുന്നത് എപ്പോഴാണ്? മനസിരുത്തി ചിന്തിക്കേണ്ട കാര്യമാണ്.

ദിനംപ്രതി യുവതി യുവാക്കന്മാരടക്കം നിരവധിപ്പേർ ആത്മഹത്യ ചെയ്യുന്നു. ആത്മഹത്യക്ക് മുതിരുന്നവരിൽ കൂടുതലും യുവാക്കളാണുതാനും. ശാരീരികവും മാനസികവുമായ നിരവധി കഴിവുള്ള ഊർജ്ജസ്വലമായ കാലഘട്ടമാണ് യുവത്വം. ഏറ്റവും മെച്ചപ്പെട്ട ജീവിത സാഹചര്യവും ആരോഗ്യ നിലയുമു ള്ള പ്രായത്തിൽ തന്നെ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിക്കുന്നത് നിസ്സാരമായി തള്ളിക്കളയാൻ പറ്റുന്ന കാര്യമല്ല. ആത്മഹത്യ ശ്രമവും, മരണ സാധ്യതയും പഠനമാക്കിയ ഗവേഷണങ്ങൾ പരിമിതമാണെന്നത് ഇതിന്റെ ഭീകരത മനസിലാക്കുന്നതിൽ സമൂഹം എത്ര പിറകിലാണ് എന്നെടുത്തു കാണിക്കുന്നു.

ആത്മഹത്യയിലേക്ക് നയിക്കുന്ന കാരണങ്ങൾ പലതാണ്; ശാരീരിക, മാനസിക, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഘടകങ്ങൾ ഉണ്ടാവാം. സംസ്ഥാനത്തിലെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ അനുസരിച്ച് ഓരോ വർഷവും കേരളത്തിൽ ആത്മഹത്യ നിരക്കുകളിൽ വൻ വർദ്ധനവാണ് ഉള്ളത്. ഭൂരിഭാഗവും 15 നും 45 നും ഇടയിലുള്ളവരുമാണ്.

ടെക്നോ ആസക്തിയേക്കാൾ ലഹരിമരുന്നുകളുടെ ഉപയോഗമാണ് വിദ്യാർത്ഥികളിലും യുവാക്കളിലും ആത്മഹത്യ വർദ്ധിക്കാൻ കാരണം. വിഷാദത്തിന് അടിമയായി വീണുപോകുന്നവരും ചില്ലറയല്ല. പരാജയത്തിന്റെ കറ കഴുകിക്കളയാനും, ബന്ധങ്ങളിലെ വീഴ്ചകൾക്ക് പകരം വീട്ടാനും മാനസിക സമ്മർദ്ദങ്ങളിൽ നിന്ന് ഓടിമറയാനും സ്വയം മരണം തിരഞ്ഞെടുക്കുന്നവരാണ് പലരും. പണ്ട് കാലത്ത് സാമ്പത്തിക പ്രതിസന്ധി ആത്മഹത്യയിലേക്ക് നയിക്കുന്ന പ്രധാന കാരണം ആയിരുന്നെങ്കിൽ ഇന്ന് പ്രണയനൈരാശ്യം മുതൽ ഗെയിം കളിക്കാൻ മൊബൈൽ ഫോൺ കൊടുക്കാത്തത് വരെ ആത്മഹത്യയിലാണ് എത്തിച്ചേരുന്നത്.

ഇതിനുമാറ്റമുണ്ടാകണമെങ്കിൽ ജീവിതത്തെക്കുറിച്ച് കൃത്യമായ വീക്ഷണവും ഭാവിയെക്കുറിച്ചു തീരുമാനം എടുക്കുവാനുള്ള കഴിവും ചെറിയ പ്രായം മുതൽക്കേ എല്ലാവരിലും വളർത്താൻ ശ്രമിക്കണം. ശാരീരിക ആരോഗ്യം പോലെതന്നെ മാനസിക ആരോഗ്യത്തിനും പ്രാധാന്യം നൽകണം. ലഹരി ഉപയോഗത്തിനെതിരെയും മറ്റും ബോധവത്കരണവും ആവശ്യമെങ്കിൽ ചികിത്സയും ഉറപ്പാക്കുക, സാമ്പത്തികമായ വർച്ചക്ക് വഴിയൊരുക്കുക, വിദഗ്ധ കൗൺസിലിംഗ് നൽകുക തുടങ്ങിയവയിലൂടെ ആരോഗ്യമുള്ള സമൂഹത്തെ എളുപ്പത്തിൽ വാർത്തെടുക്കാൻ സാധിക്കും.

എഡിറ്റർ

# സാംക്രമിക രോഗങ്ങൾ : മുന്നറിയിപ്പുമായി അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം

**അപർണ രമേശ്**



സംസ്ഥാനത്ത് കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ വിവിധ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാധ്യത മുൻനിറുത്തി ജനങ്ങളിൽ ജാഗ്രത വളർത്തുന്നതിന് ബോധവത്കരണ പരിപാടികളുമായി അയ്യൻകുന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം.

ബോധവത്കരണ പരിപാടികളുടെ ഭാഗമായി മഴക്കാലത്ത് പൊതുയിടങ്ങളിൽ ജോലിയിൽ ഏർപ്പെടുന്ന തൊഴിലുറപ്പ് തൊഴിലാളികൾ, റോഡ് നവീകരണ തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, ഹരിത കർമ്മ സേനാംഗങ്ങൾ എന്നിവർക്ക് ആരോഗ്യ കേന്ദ്രത്തിൽ നിന്നും പ്രതിരോധ മരുന്നുകൾ ക്യാമ്പുകൾ സംഘടിപ്പിച്ച് ആശാവർക്കർമാർ മുഖേന വിതരണം ചെയ്തു തുടങ്ങി.

'സാംക്രമിക രോഗങ്ങൾ പെരുകാനുള്ള സാധ്യത കണക്കിലെടുത്ത് മുൻഗണനാ ക്രമത്തിൽ പ്രതിരോധ മരുന്നായ ഡോക്സിസൈക്ളിൻ പ്രൊഫിലാക്സിസ് വിതരണം ചെയ്യുന്നുണ്ട്. മറ്റുള്ളവർക്ക് പി.എച്ച്.സിയിൽ നിന്ന് ഇത് ലഭ്യമാണ്. രോഗലക്ഷണങ്ങളുള്ളവർ ഉടൻ ആശുപത്രിയിലെത്തി ചികിത്സ തേടേണ്ടതാണ്. ഡെങ്കിപ്പനി മുതലായ രോഗങ്ങൾ പടരാൻ സാധ്യതയുള്ളതിനാൽ കൊതുക് വളരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുവാനും ആഴ്ചയിൽ ഒരു ദിവസം ഡ്രൈഡേ ആചരിക്കുവാനും ശ്രദ്ധിക്കണം'. മെഡിക്കൽ ഓഫീസർ ഡോ. നൈന പോൾ പറഞ്ഞു.

# ചെറുക്കാം ചെങ്കണ്ണിനെ

ചെങ്കണ്ണ് വ്യാപകമാകുന്ന നിലവിലെ സാഹചര്യത്തിൽ ചെങ്കണ്ണിനെ പറ്റി കൂടുതൽ അറിയാം

**എന്താണ് ചെങ്കണ്ണ് ?**
ചെങ്കണ്ണ്, കൺജങ്ക്റ്റിവിറ്റീസ്, പിങ്ക് ഐ എന്നീ പേരുകളിൽ അറിയപ്പെടുന്ന മഹാളി കണ്ണിന്റെ കോശഭിത്തിയിൽ ബാധിക്കുന്ന ബാക്ടിരിയയും വൈറസും മൂലമാണ് ഉണ്ടാകുന്നത്. ഗുരുതരമായി നേത്ര പടലത്തെ തന്നെ ബാധിക്കാവുന്ന അവസ്ഥയാണ് ചെങ്കണ്ണ്. സാധാരണ ഗതിയിൽ 5 മുതൽ 7 ദിവസം വരെ നീണ്ടുനിൽക്കും. രോഗം സങ്കീർണ്ണമായാൽ 21 ദിവസം വരെയും നീളാം.

**പ്രധാന ലക്ഷണങ്ങൾ**
കണ്ണിലെ കൃഷ്ണമണിക്ക് ചുറ്റുമുള്ള ചുവപ്പ്, തടിപ്പ്, കൺപോളവീക്കം, ചൊറിച്ചിൽ, അമിത കണ്ണുനീർ, രാവിലെ എഴുന്നേൽക്കുമ്പോൾ കണ്ണു തുറക്കാൻ ബുദ്ധിമുട്ട് എന്നിവയാണ് പ്രധാന രോഗ ലക്ഷണങ്ങൾ.

**മറ്റുള്ളവരിലേക്ക് പകരുന്ന രീതി**
അസുഖമുള്ള ആളുകളുടെ സ്പർശനം വഴിയോ രോഗം ബാധിച്ചവരുമായി അടുത്തിടപഴകുന്നതിലൂടെയോ ഇത് പകരാം.

**പ്രതിരോധ മാർഗ്ഗങ്ങൾ**
കൈകൾ കഴുകിയതിന് ശേഷം മാത്രം കണ്ണിൽ സ്പർശിക്കുക
കണ്ണുകൾ ഇടയ്കിടെ വെള്ളമുപയോഗിച്ച് കഴുകി വൃത്തിയാക്കുക.
അസുഖമുള്ളവർ കഴിവതും പുറത്തിറങ്ങാതിരിക്കുക. കണ്ണിന് ആയാസമുള്ളവർ ജോലി ചെയ്യാതിരിക്കുക.

# നവീകരിച്ച ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്തു

**പ്രിൻസ് ജോസഫ്**




*നവീകരിച്ച ഓഫീസ് കെട്ടിടം അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു.*

അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിനായി നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും ഉദ്ഘാടനവും വെഞ്ചിരിപ്പും നടത്തി.

അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ഫ്രാൻസിസ് റാത്തപ്പള്ളി വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. ചടങ്ങിൽ പ്രിൻസിപ്പാൾ പി എ ജോർജ്, സ്റ്റാഫ് പ്രതിനിധി ഫാ. സജി അട്ടേങ്ങാട്ടിൽ, പി ടി എ പ്രസിഡന്റ് ബെന്നി തോട്ടത്തിൽ എന്നിവർ സംസാരിച്ചു.

# പൊതുജനങ്ങൾക്ക് കൗൺസിലിങ് കോഴ്സുമായി ഡോൺ ബോസ്കോ കോളേജ്

**ജോമോൾ ജോർജ്ജ്**

പൊതുജനങ്ങൾക്കായി കൗൺസിലിങ് കോഴ്സൊരുക്കി ഡോൺ ബോസ്കോ കോളേജ്. കോളേജ് മാനേജ്മെന്റിന്റേയും സൈകോളജി വിഭാഗത്തിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച കൗൺസിലിങ് ആൻഡ് സർട്ടിഫിക്കറ്റ് കോഴ്സ് അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

ആധുനിക സമൂഹത്തിൽ സമൂഹം നേരിടുന്ന പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തുക, കാലഘട്ടത്തിനനുസൃതമായി മാനസിക പ്രശ്നങ്ങളെ തരണം ചെയ്യുന്നതിന് ഒരു സമൂഹത്തെ ശക്തരാക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിക്കുന്ന കോഴ്സിന് നാലു മാസം കൊണ്ട് നൂറ് മണിക്കൂറുകളാണുള്ളത്. വിദഗ്ദരായ അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രായോഗിക പരിശീലനം ലഭിക്കുന്ന കോഴ്സിന് ഹയർസെക്കന്ററി വിദ്യാഭ്യാസമാണ് അടിസ്ഥാന യോഗ്യത.

'മെഡിക്കൽ ഫസ്റ്റ് എയ്ഡ് പോലെതന്നെ മാനസിക പ്രശ്നങ്ങൾ നേരിടുന്നവർക്ക് ഒരു കൈത്താങ്ങാവുകയാണ് ഈ കോഴ്സിലൂടെ.' സൈക്കോളജി വിഭാഗം മേധാവി ഫാ. ഡോ. കുര്യാക്കോസ് പള്ളിക്കുന്നേൽ പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക. ഡയറക്ടർ : ഫാ.ഡോ. കുര്യാക്കോസ് പള്ളിക്കുന്നേൽ – 9496003338, അസി.പ്രൊഫസർ . ജിഷ – 9061227207 , അസി. പ്രൊഫ : ഡൈന സ്കറിയ – 9446406045.

# പട്ടയ വിതരണത്തിനൊരുങ്ങി അയ്യൻകുന്ന്

**കെ.വി. സാരംഗ്**




സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി വിതരണം നടപ്പിലാക്കുന്ന 'പട്ടയ മിഷൻ' പദ്ധതിയുടെ ഭാഗമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള വിവിധ കോളനികളിൽ പട്ടയവിതരണ പദ്ധതി നടപ്പിലാക്കുന്നു.

പട്ടയമില്ലാത്ത കോളനികൾ, അർഹതയുണ്ടായിട്ടും പട്ടയത്തിന് അപേക്ഷ നൽകാത്ത കുടുംബങ്ങൾ എന്നിവ കണ്ടെത്തുകയാണ് പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ പത്തോളം കോളനികളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി മൂന്നാംകുറ്റി, രണ്ടാംകടവ് കോളനികളിൽ സർവെ പൂർത്തീകരിച്ചു.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ആപ്തവാക്യത്തിലൂന്നി ഭൂരഹിതരായ മുഴുവൻ ആളുകളെയും ഭൂമിയുടെ അവകാശികളാക്കുവാൻ സംസ്ഥാന റവന്യു വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'പട്ടയ മിഷൻ'.

നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയത്തിന് അർഹതയുള്ളതും എന്നാൽ വിവിധ കാരണങ്ങളാൽ പട്ടയം ലഭിക്കാത്തതുമായ എല്ലാ കൈവശക്കാരുടെയും പട്ടിക തയ്യാറാക്കി അദാലത്ത് മാതൃകയിൽ സമയ ബന്ധിതമായി പട്ടയം നൽകുകയാണ് പട്ടയ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് ആയിരത്തിപതിനഞ്ചോളം കോളനികളിൽ താമസക്കാരായ 16,231 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ഭൂമി വാങ്ങി വീടുവച്ചു നൽകിയ കോളനികളിൽ പലതിന്റെയും ഭൂമി റവന്യൂ രേഖകളിൽ ഇപ്പോളും മുൻ ഭൂവുടമയുടെ പേരിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 വർഷം കൊണ്ട് 1,77,011 പട്ടയം വിതരണം ചെയ്തപ്പോൾ ഈ സർക്കാർ 2 വർഷം കൊണ്ട് 1,21,604 പട്ടയങ്ങളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്.

ഓരോ പ്രദേശത്തേയും പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പട്ടയം നൽകുന്നതിലെ പ്രശ്നങ്ങൾ ഈ - പോർട്ടലിൽ രേഖപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികൾ റവന്യു വകുപ്പ് സ്വീകരിച്ചു വരുന്നു.

'മുൻകാലങ്ങളിൽ പട്ടയങ്ങളോ ആദായങ്ങളോ ഇല്ലായിരുന്നു. അന്ന് ജന്മിമാർ എഴുതികൊടുത്തിരുന്ന പുറപ്പാട് ചീട്ടാണ് നികുതിയടക്കാൻ ഉപയോഗിച്ചിരുന്നത്. ഇരിട്ടി താലൂക്കിന്റെ കീഴിൽ വിവിധ കാരണങ്ങളാൽ പട്ടയം ഇല്ലാതിരുന്ന എല്ലാവർക്കും ഇതുവഴി പട്ടയം ലഭിക്കും'. ഈന്തുങ്കരി വാർഡ് മെമ്പറായ ജോസ് എവൺ പറഞ്ഞു.

# ശോഭയാത്ര നടത്തി

**പ്രിൻസ് ജോസഫ്**

ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് വാണിയപ്പാറ ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ ശോഭയാത്ര നടത്തി. 'അകലട്ടെ ലഹരി ഉണരട്ടെ മൂല്യവും ബാല്യവും' എന്ന സന്ദേശവുമായി വൈകിട്ട് നാല് മണിയോടെ വാണിയപ്പാറ തട്ട് ശ്രീ നാരായണ നഗറിൽ ആരംഭിച്ച് വാണിയപ്പാറയിൽ സംഗമിച്ച് ശോഭായാത്ര ആറു മണിയോടെ അങ്ങാടിക്കടവിൽ എത്തിച്ചേർന്നു.

ശോഭായാത്രയിൽ നിരവധി ഉണ്ണിക്കണ്ണന്മാരും ഗോപികമാരും അണിനിരന്നു. ഇടക്കിടക്കുള്ള ചാറ്റൽ മഴ ആശങ്ക ഉയർത്തിയെങ്കിലും ഉണ്ണിക്കണ്ണൻമാരുടെ ആവേശത്തെ കെടുത്താൻ ഇതിനൊന്നും ആയില്ല.

എഡിറ്റോറിയൽ ടീം ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: പ്രിൻസ് ജോസഫ് | സബ് എഡിറ്റേഴ്സ്: അപർണ രമേശ്, ജോമോൾ ജോർജ്ജ്, കെ.വി. സാരംഗ്, അഞ്ജന വിൻസന്റ് | ഫോട്ടോഗ്രാഫേഴ്സ് : അഞ്ജന വിൻസന്റ്, പ്രിൻസ് ജോസഫ് | ഡിസൈൻ : അപർണ രമേശ്, വി. അനന്യ.